# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## ഉത്തരവാദിത്വമുള്ള സ്വാതന്ത്ര്യം യുവജനങ്ങൾക്ക് ഉണ്ടാകണമെന്ന് ഫ്രാൻസിസ് പാപ്പ



ജൂലൈ 12-ാം തീയതി ഞായറാഴ്ച പ്രാദേശികസമയം വൈകുന്നേരം 5 മണിക്ക് പരാഗ്വേ സന്ദർശനമദ്ധ്യേ യുവജനങ്ങളുമായുള്ള കൂടിക്കാഴ്ചയിലാണ് അവർക്ക് ഉത്തരവാദിത്തമുള്ള സ്വാതന്ത്ര്യം ഉണ്ടാകണമെന്ന് പാപ്പാ ഫ്രാൻസിസ് ഉദ്ബോധിപ്പിച്ചത്.

സ്വാതന്ത്ര്യം ദൈവദാനമാണെന്നും അത് ജീവിതത്തിൽ അനുഭവഭേദ്യമാക്കാൻ കഴിയണമെന്നും പാപ്പാ ആഹ്വാനംചെയ്തു. "നിങ്ങളുടെ ഹൃദയം നിർമ്മലമായിരിക്കട്ടെ." മയക്കുമരുന്നും ചൂഷണങ്ങളും നിരാശയും ഒരുവന്റെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുമെന്നും, ലോകത്തിന്റെ കെണികൾക്കും വഞ്ചനകൾക്കും സുഖലോലുപതയ്ക്കും അടിമപ്പെടാത്ത ഒരു സ്വതന്ത്രമനസ്സിനായി പ്രാർത്ഥിക്കണമെന്നും പാപ്പാ യുവജനങ്ങളോട് ആഹ്വാനംചെയ്തു.

പരാഗ്വേയിലെ യുവജനങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങളെ നൃത്തവും സംഗീതവും കൂടിയുള്ള മൾട്ടി മീഡിയ പ്രദർശനത്തിലൂടെ ചിത്രീകരിച്ചു. വി.മത്തായിയുടെ സുവിശേഷം 5-ാം അദ്ധ്യായം 1-12 വരെയുള്ള-ക്രിസ്തു പഠിപ്പിച്ച അഷ്ടഭാഗ്യങ്ങളെ-ആധാരമാക്കി പാപ്പാ വചനപ്രഘോഷണവും നടത്തി.

വ്യക്തിഗതപ്രതിസന്ധികളിൽനിന്നും കുടുംബപ്രശ്നങ്ങളിൽനിന്നും മോചിതരായി സമൂഹത്തിൽ യുവജനങ്ങൾക്കായി പ്രവർത്തിക്കുന്ന ലിസ് ഫ്രൈട് എന്ന 25 വയസ്സുകാരിയുടെ സാക്ഷ്യമായിരുന്നു ആദ്യം. രണ്ടാമതായി മയക്കുമരുന്നിന്റെ പിടിയിൽനിന്നും മോചിതനായ് കാമ്പസിനോ മാനുവൽ, 18 വയസ്സ്, പഴയ ജീവിതവഴികൾവിട്ട് യുവജന പ്രസ്ഥാനത്തിൽ നന്മയുടെ പ്രയോക്താവായതിന്റെയും, എല്ലാറ്റിനും കരുത്തുള്ള ദൈവത്തെ കണ്ടെത്തിയതിന്റെയും സാക്ഷ്യം അവതരിപ്പിച്ചു. ഈ രണ്ട് യുവാക്കളുടെ ജീവിതസാക്ഷ്യം ശ്രവിച്ചതിന്റെ വെളിച്ചത്തിൽ പതിവുപോലെ തയ്യാറാക്കിയിരുന്ന സന്ദേശത്തിൽ നിന്ന് വ്യത്യസ്തമായൊരു സന്ദേശം പാപ്പാ അവർക്കു നല്കി. യഥാർത്ഥമായ സ്വാതന്ത്ര്യവും ഉത്തരവാദിത്തവും തമ്മിൽ അഗാധമായ ബന്ധമുണ്ടാകണമെന്നും, അതു രണ്ടും യാഥാർത്ഥ്യമാക്കാൻ ഒരു ദൈവികസ്വാതന്ത്രമുള്ള ഹൃദയം ആവശ്യമാണെന്നും പാപ്പാ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു..